# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038, KERALA
PHONE 8499 8234

വാല്യം 5 | 1988 ജനുവരി 29 | ലക്കം 2, 3




മലങ്കര ഓർത്തഡോക്സ് ഹെറാൾഡ് വാരികയുടെ ആഭിമുഖ്യത്തിൽ കോട്ടയം ശാന്തിഭവനിലെ അന്തേവാസികൾക്ക് ക്രിസ്തുമസ്സിനോടനുബന്ധിച്ച് നല്കിയ കോടിവസ്ത്ര ദാനം ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ നിർവ്വഹിക്കുന്നു. ശാന്തിഭവൻ സൂപ്രണ്ട് പി. എം. മാണിയാണ് സമീപം.

# പരസ്പര സ്നേഹത്തോടെ പ്രവർത്തിക്കുവാൻ കഴിയണം: പ. ബാവാ

**ജോസ് ചെമ്മൺ**

കോട്ടയം: കടന്നുപോയ വർഷത്തെക്കുറിച്ചുള്ള ചിന്ത പലരിലും പലവിധ പ്രതികരണങ്ങളാണ് ഉളവാക്കുന്നത്. കുട്ടികളിൽ അത് പ്രതീക്ഷയും പ്രായമായവരിൽ നിരാശയുമായിരിക്കാം. എന്നാൽ വർഷങ്ങളും വയസ്സുമല്ല വിശ്വാസത്തിന്റെ ആഴമാണ് പ്രായത്തിന്റെ അളവുകോൽ. അതുകൊണ്ട് ദൈവവിശ്വാസത്തോടും പരസ്പര സ്നേഹത്തോടും പ്രവർത്തിച്ച് പുതിയ വെളിച്ചത്തിലൂടെ മുന്നോട്ട് പോകുവാൻ നമുക്കു കഴിയണമെന്ന് പ. ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവ തിരുമനസ്സുകൊണ്ട് പ്രസ്താവിച്ചു.

കോട്ടയം എം. ഡി. സെമിനാരിയിൽ ചേർന്ന മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ 79-ാമത് വാർഷിക സമ്മേളനത്തിന് സമാപനം കുറിച്ചുകൊണ്ട് പുതുവത്സരാശംസകൾ നേരുകയായിരുന്നു പ. കാതോലിക്കാ ബാവ.

സമ്മേളനം ഡിസംബർ 29 മുതൽ 1 വരെ തീയതികളിൽ നടന്ന സമ്മേളനം പ്രസ്ഥാനം പ്രസിഡൻറ് അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന സമ്മേളനത്തിൽ മലയാള മനോരമ ചീഫ് എഡിററർ കെ. എം. മാത്യു ആശംസകൾ നേർന്നു. സഭാ വൈദിക ട്രസ്റ്റിയായി തെരഞ്ഞെടുക്കപ്പെട്ട ഫാ. മത്തായി നൂറനാൽ, ഫെലോഷിപ്പ് ലഭിച്ച പോൾ മണലിൽ എന്നിവരെ സമ്മേളനം അനുമോദിച്ചു.

'ദൈവത്തിന്റെ സ്വാതന്ത്ര്യത്തിലും സാദൃശ്യത്തിലും എന്ന ദൈവശാസ്ത്ര ചിന്തയിലേക്ക് സദസിനെ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത നയിച്ചു. അ

(ശേഷം 6-ാം പേജിൽ)

## ദേവലോകം പെരുന്നാൾ ആചരിച്ചു

കോട്ടയം: ദേവലോകം അരമന ചാപ്പലിൽ കബറടങ്ങിയിരിക്കുന്ന പ: ബസേലിയോസ് ഗീവറുഗീസ് ദ്വിതിയൻ ബാവായുടെയും, പ; ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവായുടേയും സംയുക്ത ഓർമ്മപ്പെരുന്നാൾ ജനുവരി 3, 4 തീയതികളിൽ ആചരിച്ചു.

4-ാം തീയതി രാവിലെ 6-ന് മാത്യൂസ് മാർ കുറീലോസ് മെത്രാപ്പോലീത്താ വി: കുർബാന അർപ്പിച്ചു. തുടന്ന് 8—ന് പ: കാതോലിക്കാബാവാ തിരുമനസിലെ പ്രധാന കാർമ്മികത്വത്തിൽ വി: മൂന്നിൻമേൽ കുർബാന നടന്നു. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ പ്രസംഗിച്ചു.

പത്തനംതിട്ടയിൽനിന്നും എത്തിച്ചേർന്ന പദയാത്രാസംഘത്തിന് 3-ാം തീയതി സന്ധ്യക്ക് കോടിമതയിൽ സ്വീകരണം നല്കപ്പെട്ടു. തുടന്ന് മനോരമ ജംഗ്ഷനിലും, മാർ ഏലിയാ ചാപ്പലിനു മുമ്പിലും സ്വീകരണങ്ങൾ ലഭിച്ചു. സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം ധൂപ പ്രാർത്ഥനയും ആശിർവാദവും നടന്നു.


4-ാം തീയതി രാവിലെ വി: കുർബാനയ്ക്കുശേഷം കബറിടങ്ങളിൽ ധൂപ പ്രാർത്ഥന, റാസ, നേർച്ചവിളമ്പ് എന്നിവയോടെ ചടങ്ങുകൾ സമാപിച്ചു.

—

## പ. ബാവാ തിരുമനസ്സിലെ പ്രോഗ്രാം

ജനുവരി 15 കുമ്പഴ വലിയ കത്തീഡ്രൽ, മൈലപ്ര ആശ്രമം, ജനു: 16 നന്നുവക്കാട്ട് സെൻറ് ഗ്രീഗോറിയോസ്, 17 11.30 കുഴിമററം വലിയ പള്ളി, 4 പി എം മീനടം 4.30 സൗത്ത് പാമ്പാടി, 18 മാർ ഏലിയാ കത്തീഡ്രൽ, 19 വർക്കിംഗ് കമ്മററി ദേവലോകം അരമന, 23 കററാനം സെൻറ് സ്റ്റീഫൻസ് പള്ളി, 26 മാക്കാംകുന്ന് കത്തീഡ്രൽ, 28 തലയിണത്തടം സെൻറ് മേരീസ് പള്ളി, 30 കുമരകം സെൻറ് ജോൺസ്, 31 നിലയ്ക്കൽ എക്യുമെനിക്കൽ സെൻറർ, 3 പി എം ആങ്ങമൂഴി.

## തലയിണത്തടം സെൻററ് മേരീസ് പള്ളി കൂദാശ



മുക്കൂട്ടുതറ: പുതുക്കിപ്പണിത തലയിണത്തടം സെൻറ് മേരീസ് പള്ളിയുടെ കൂദാശാകർമ്മം ജനുവരി 27, 28 തീയതികളിൽ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്താ, ഇടവക മെത്രാപ്പോലീത്താ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ എന്നിവരുടെ സഹകരണത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസുകൊണ്ട് നിർവ്വഹിച്ചു.

(ശേഷം 6-ാം പേജിൽ)

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

1984 ജനുവരി

വാല്യം 5 ലക്കം 2, 3

# എല്ലാം നന്മയ്ക്കാക്കിത്തീർക്കുന്ന ദൈവം

അപ്രതീക്ഷിതങ്ങളായ ദുർഘടനകൾ നമ്മെ നിരാശരും ദുഃഖിതരുമാക്കുന്നു. എല്ലാ ക്രമീകരണങ്ങളും ചെയ്തു കഴിഞ്ഞിട്ട് തയ്യാറായിരിക്കുമ്പോൾ പെട്ടന്നു വന്നു കയറുന്ന അത്യാഹിതമോ, തടസ്സമോ, തന്നത്താനും മററുള്ളവരെയും ശപിക്കുന്നതിനു് പലപ്പോഴും കാരണമായിത്തീരാറുണ്ടു്. പെട്ടന്നുള്ള മരണം; അപ്രതീക്ഷിതമായ ധനനഷ്ടം, മാനഹാനി, തോല്‌വി എന്നിവയാണു് വലിയ അസ്വസ്ഥതിയിലേക്കും 'നിരാശ എന്ന ഗർത്തത്തിലേക്കും മനുഷ്യരെ തള്ളിയിടുന്നതു്. 'ഇനി ഒന്നും ആശിക്കാനില്ല' എന്ന സ്ഥിതിയാണു് നിരാശയുടെ വിശ്വരൂപം. ചില രംഗങ്ങളിൽ അതു് ശരിയായേക്കാമെങ്കിലും, അധികമാളുകളിലും അതു് ശരിയല്ല. നാം ആശിക്കുന്നതുകൊണ്ടു് കാര്യങ്ങൾ സംഭവിക്കണമെന്നോ, അഥവാ ആശിക്കാത്തതുകൊണ്ടു് സംഭവിക്കരുതെന്നോ നിർബ്ബന്ധം പിടിക്കാതെ, ആവശ്യമായതും ഏററം നല്ലതായതും എന്താണോ അതു് യഥാസമയം നടക്കണമേ എന്ന പ്രാർത്ഥനയോടെ എല്ലാം ദൈവനിയോഗത്തിനു വിട്ടുകൊടുക്കാൻ തയ്യാറായാൽ 'നിരാശ 'എന്നൊന്നു് നമ്മെ തൊട്ടുതീണ്ടുകയില്ല. 'ആശയുണ്ടെങ്കിലേ നിരാശയുള്ളു' എന്ന പഴമൊഴി ഇരുത്തം വന്നതുതന്നെയാണു്.

അപകടങ്ങളും, മരണവും, പരാജയവും വന്നണയുമ്പോൾ ദൈവം നമ്മെ കൈവിട്ടു എന്ന ചിന്തയാണല്ലോ നമ്മിലധികം പേരിലുമുണ്ടാവുക. പക്ഷെ ആ രംഗങ്ങളിലൊന്നും ദൈവം നമ്മെ കൈവിട്ടു എന്നു പറയാനാവില്ല. ദൈവം നമ്മെ കൈവിട്ടാൽ—അതു ശരിയാണെങ്കിൽ—വളരെ ഗൗരവതരമായി ഒരു സംഗതി തന്നെയാണതു്. കാരണം ദൈവത്തിൽ നിന്നകന്നാൽ പിന്നെ നമുക്കു നിലനില്പും ജീവനുമില്ല. അത്യാഹിതങ്ങളിലും അപകടങ്ങളിലും ദൈവം നമ്മെ കൈവിടുകയില്ല; മറിച്ചു് നമ്മോടൊപ്പം നിന്നും നമുക്കു് ആശ്വാസവും ധൈര്യവും പകരുകയാണു്. ഇങ്ങനെയുള്ള ദുഃഖങ്ങളോ അഥവാ സന്തോഷങ്ങളോ ദൈവസ്നേഹത്തിൽനിന്നും നമ്മെ അകറേറണ്ടതല്ല. ദൈവം അനുഗ്രഹിച്ചതിനാലാണു് ധാരാളം ധനസമ്പാദ്യങ്ങളും, സൗകര്യങ്ങളും ഉണ്ടായതു് എന്ന ധാരണയും ശരിയല്ല. ദുഃഖത്തിലെന്നതിനെക്കാൾ മനുഷ്യർ ദൈവത്തെ മറക്കുന്നതു് സുഖകാലത്താണല്ലോ.

## ധ്യാനപീഠം

നമ്മുടെ ജീവിതാനുഭവങ്ങൾ നമ്മെ ദൈവത്തോടടുപ്പിക്കുന്നതിനു് ചിലപ്പോൾ ഉപകരിച്ചേക്കാം. പക്ഷെ അവയ്ക്കെല്ലാം അതീതമായി ദൈവത്തെയുള്ള സ്നേഹം നിലനിർത്താനാവണം നമ്മുടെ ശ്രമം, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ, മരണമോ, ജീവനോ, ഇപ്പോഴുള്ളതോ, വരുവാനുള്ളതോ യാതൊന്നും കർത്താവായ യേശുവിനോടുള്ള സ്നേഹത്തിൽനിന്നും നമ്മെ വേർതിരിക്കില്ല എന്ന അപ്പോസ്തോലന്റെ പ്രഖ്യാപനം ഈ സത്യത്തെ വിളിച്ചോതുന്നതാണു്.

എന്നാൽ ഒരു വലിയ സത്യം ഇതിൽ നിന്നും നാം പഠിക്കേണ്ടതുണ്ടു്. ഇല്ലാത്തതിൽനിന്നും ഉള്ളതിനെ സൃഷ്ടിക്കുന്ന ദൈവം ദുഃഖത്തെ തന്റെ ഇച്ഛാനുസരണം ആനന്ദമാക്കി രൂപാന്തരപ്പെടുത്താൻ ത്രാണിയുള്ളവനാണു്. നാം ദുഃഖകരമെന്നു കരുതുന്ന പല സാഹചര്യങ്ങളും നമുക്കു് വളരെ പ്രയോജനകരമാക്കിത്തീർക്കാൻ കഴിവുള്ളവനാണു് ദൈവം. കുറെക്കഴിഞ്ഞാണു് ഈ യാഥാർത്ഥ്യം നമുക്കു ഗ്രഹിക്കാറാവുന്നതു്. എല്ലാം നന്മയാക്കി, നന്മയ്ക്കാക്കിത്തീർക്കുന്ന ദൈവത്തിന്റെ വൻകരം സകലതും നിയന്ത്രിക്കുന്നു എന്ന വാർത്ത നമുക്കു കർണ്ണാനന്ദകരമല്ലേ? മനുഷ്യർ ഈ ഭൂമിയിൽ കാട്ടിക്കൂട്ടുന്ന വിക്രിയകൾ ജീവജാലങ്ങൾക്കും, ഭൂമിയിൽ ജീവന്റെ നിലനില്പിനു തന്നെയും ഭീഷണിയായിട്ടില്ലേ? പക്ഷെ ഇരുളിനെ വെളിച്ചമാക്കാൻ കഴിയുന്ന ദൈവത്തിന്റെ ശക്തിയുള്ള കൈക്കീഴ് അമർന്നിരുന്നു് സുഖത്തിലും ദുഃഖത്തിലും ഒന്നുപോലെ, തന്നെ സ്നേഹിക്കാനും ബഹുമാനിക്കുവാനും തയ്യാറാവുന്നവർ സുഖകാലത്തു് മതിമറന്നു് അഴിഞ്ഞാടുകയോ, ദുഃഖകാലത്തു് തകർന്നുപോകുകയോ ചെയ്കയില്ല. കർത്താവിന്റെ ഉയിർപ്പിന്റെ പ്രഭാതം ശിഷ്യരിൽനിന്നും ദുഃഖവും കണ്ണുനീരും തുടച്ചുകളഞ്ഞു, തന്റെ മരണം അവർക്കും ലോകത്തിൽ മുഴുവനും ലഭിച്ചിട്ടുള്ളതിലേക്കും വലിയ നന്മയായിത്തീർന്നു!

**പ്രാർത്ഥന:** യേശുനാഥാ, ഞങ്ങളുടെ അറിവില്ലായ്മമൂലം ഞങ്ങളുടെ സുഖകാലത്തു് നിന്നെ മറന്നു് ഞങ്ങൾ ഉല്ലസിച്ചു. ദുഃഖകാലത്തു് നീ ഞങ്ങളെ ഉപേക്ഷിച്ചു എന്നു കരുതി ഞങ്ങൾ ആകുലപ്പെട്ടു. എന്നാൽ ഏതു സ്ഥിതിയിലും നീ ഞങ്ങളോടൊപ്പമുണ്ടു് എന്ന യാഥാർത്ഥ്യം ഞങ്ങളിൽ ഉറപ്പായി സ്ഥാപിക്കേണമേ!

**ചിന്താവിഷയം:** റോമർ 8:28 'ദൈവത്തെ സ്നേഹിക്കുന്നവർക്കു്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കുതന്നെ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു'

**ഫാ. ജേക്കബ് ചെറിയാൻ**

ചരിത്രലേഖനം

# തന്ത്രപ്രയോഗ പ്രവീണനായ ഇലഞ്ഞിക്കൽ ഉതുപ്പച്ചൻ

(സീനിയർ ഒ. എം. മാത്യു. ഒരുവട്ടിത്ര)

മലങ്കര രണാങ്കണത്തിൽ വട്ടശ്ശേരിൽ മെത്രാപോലീത്തായുടെ പക്ഷത്തു് നിന്നുകൊണ്ടു് അടരാടിയ മുന്നണി യോദ്ധാക്കളിൽ ഈ. ജെ. ജോൺ, കെ. സി. മാമ്മൻ മാപ്പിള, എം. എ. ചാക്കോ, ഒ. എം. ചെറിയാൻ എന്നീ ചതുർത്ഥന്മാരെ പററി യുവജനങ്ങളിൽ ചിലരെങ്കിലും കേട്ടിരിക്കുമല്ലൊ. അതു പോലെ തന്നെ ചില പിന്നണി യോദ്ധാക്കളും ഉണ്ടായിരുന്നു. അവർ മുന്നണി യോദ്ധാക്കളെക്കാൾ ശബ്ദരഹിതരായിരുന്നു എങ്കിലും'' അവരുടെ സേവനം മലങ്കര മണ്ണിലെ മക്കൾക്കു് ഒരു കാലത്തും വിസ്മരിക്കാവുന്നതല്ല. അവർ ആരൊക്കെ ആയിരുന്നു എന്നു് ചോദിച്ചാൽ ഈ ലേഖകൻ തൽക്ഷണം പറയുന്നതു് ഇ ജെ ഉതുപ്പ് (ഇലഞ്ഞിക്കൽ); കെ. ചെറിയാൻ (ഇപ്പോഴത്തെ നമ്മുടെ പരിശുദ്ധ കാതോലിക്കാ മാർത്തോമാ മാത്യൂസ് പ്രഥമന്റെ ജ്യേഷ്ടൻ (ഭ്രാതാവ്), ഇസഡ്. എം പാറേട്ടു, (കാലം ചെയ്ത മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ഏകസഹോദരൻ) എന്നീ ത്രിമൂർത്തികളായിരുന്നു എന്നാണ്.


വട്ടിപ്പണക്കേസ് വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനു് വേണ്ടി നടത്തിയതിന്റെ പ്രധാന ചുമതലക്കാരൻ ഇലഞ്ഞിക്കൽ ഉതുപ്പച്ചൻ ഈ. ജെ ഉതുപ്പ്) ആയിരുന്നു. ഇദ്ദേഹം പ്രസ്തുതകേസിൽ മെത്രാപ്പോലീത്തായുടെ വക്കാലത്തു് പിടിച്ചു് കോടതിയിൽ വ്യവഹാരം നടത്തിയ ഇ. ജെ. പീലിപ്പോസിന്റെ ജ്യേഷ്ടസഹോദരനായിരുന്നു. അന്നു് തിരുവിതാംകൂർ ഹൈക്കോടതിയിലെ അഭിഭാഷകരുടെ അനിഷേദ്ധ്യ നേതാവായിരുന്ന ഇ. ജെ. ജോൺ വക്കീൽ പൊടിപൊടിച്ചു് ''ഹിയറിങ്ങ്'' അഥവാകൊച്ചി ശീമക്കാരുടെ ഭാഷയിൽ പറയുന്ന ''പ്രസംഗം'' നടത്തിക്കൊണ്ടിരിക്കുമ്പോൾ പിന്നിൽനിന്നു് അദ്ദേഹത്തിനു് വിവരങ്ങൾ നൽകിനയിക്കാൻ വേണ്ട കരുത്തു് ആയിരുന്നു ഇ. ജെ. ഉതുപ്പിന്റെ പ്രശസ്തിക്കു് ഒരു പ്രധാന കാരണം. ഏതു് കുഴഞ്ഞ പ്രശ്നത്തിനും തൽക്ഷണം ഒരു തീരുമാനത്തിൽ എത്തുന്നതിനുമുള്ള കഴിവായിരുന്നു. വട്ടിപ്പണക്കേസ്സ ജഡ്ജ്മെന്റ് പ്രസ്താവിച്ച വീരരാഘവ അയ്യങ്കാർ ഒരു വശത്തേക്കു് വളരെ ചാഞ്ഞു നിന്നാണു് വിധിഎഴുതിയതെന്നു് വാദികൾ (വട്ടശ്ശേരിമെത്രാച്ചനും മററും) പൂർണ്ണമായി വിശ്വസിച്ചു. അങ്ങനെയുള്ള ആളിന്റെ മുൻപിൽ പുനർവിചാരണ ചെയ്യണമെന്നു് ഹർജ്ജികൊടുത്താൽ അതു് അനുവദിക്കുമെന്നു് ഓർക്കാൻ പോലും നിവൃത്തിയില്ലായിരുന്നു. അദ്ദേഹം ജഡ്ജിയായി തുടരുന്ന കാലത്തോളം പുനർഹർജ്ജിവിചാരണ ഉണ്ടാകാതെയും, പുനർ വിചാരണ ചെയ്യണമെന്നാവശ്യപ്പെടുന്നതിനുള്ള അവകാശം നഷ്ടപ്പെടാതെയും, കഴിക്കാൻ ഒരു മാർഗ്ഗം ഇ. ജെ. ഉതുപ്പ് എന്ന കുശാഗ്രമതിമാൻ കണ്ടുപിടിച്ചു. ഇതുപോലെയൊ, ഇതിൽ കഠിനമായൊ ഉള്ള പ്രശ്നങ്ങൾക്ക് ഒരു പരിഹാരം കണ്ടുപിടിച്ച് അതു് പ്രാവർത്തികമാക്കാൻ വേണ്ട ധിഷണാശക്തി മാനസികമായും, ശാരീരികമായും ഉണ്ടായിരുന്ന അദ്ദേഹത്തിനു് അപ്പീൽ വിധിപ്രസ്താവിച്ചഉടൻ തന്നെ പുനർ ഹർജ്ജികൊടുക്കാനായി ജഡ്ജ്മെന്റിന്റെ പകർപ്പിനു് ഇദ്ദേഹത്തിന്റെ നിർദ്ദേശമനുസ്സരിച്ചാണു് തന്റെ കീഴിലുള്ള ഒരു ഗുമസ്ഥനെകൊണ്ടു കോടതിയിൽ കൊടുത്തു് അവിടത്തെ രജിസ്ട്രറിൽ വരവു വെപ്പിച്ചതു്, അയ്യങ്കാർ ഹൈക്കോടതിയിൽ നിന്നു പെൻഷൻ പററി പിരിയേണ്ടതു് 1100-ാം ആണ്ടു അവസാനത്തിലാണെന്നും ഉതുപ്പച്ചനു് ശരിയായിട്ടറിയാമായിരുന്നു വിധികർത്താക്കളിൽ ഒരുവനായിരുന്ന ജസ്റ്റീസ് പപ്പുപിള്ള ഹിയറിങ്ങ് സമയത്തു് പെൻഷൻ പറേറണ്ടതായിരുന്നെങ്കിലും, ഈ കേസിൽ ജഡ്ജ്മെന്റ് എഴുതിയശേഷം മാത്രം പെൻഷൻ പററിയാൽമതി എന്നു് ഗവർണ്മെന്റ് ഒരു പ്രത്യേകഉത്തരവു പുറപ്പെടുവിച്ചിരുന്നു. മറെറാരു വിധികർത്താവായ ജസ്റ്റീസ് ചാററ്ഫീൽഡ് ഒരു കൊല്ലത്തെഫർലോയിക്ക് ബിലാത്തിയിലേക്ക് കപ്പൽകയറുകയും ചെയ്തിരുന്നു.

അയ്യങ്കാർ ഹൈക്കോടതിയിൽനിന്നും അടുത്തൂൺ പററി പിരിയേണ്ടതു് 1100—ാം മാണ്ടു് അവസാനമാണെന്നു് ഉതുപ്പച്ചനു് അറിയാമായിരുന്നു. അതുവരെ പുനർ ഹർജ്ജി എവിടെങ്കിലും നേരിട്ടു തപ്പിയാൽ കിട്ടാത്തവിധം ഒളിച്ചു് കിടക്കാൻ മാർഗ്ഗം കണ്ടുകൊണ്ടാണു് ബുദ്ധിമാനായ ഉതുപ്പച്ചൻ പ്രവർത്തിച്ചതു്. വക്കീൽ എന്ന നിലയിൽ അഭിഭാഷകക്ക് ചില പരിമിതികൾ ഉണ്ടായിരുന്നതിനാൽ വക്കീലന്മാരോടൊ, നീതിയുടെയും, സത്യത്തിന്റെയും അതിർ അല്പമെങ്കിലും കടത്തി പ്രവർത്തിക്കാൻ വട്ടശ്ശേരിൽ മെത്രാച്ചൻ അല്പംപോലും സമ്മതിക്കയില്ലെന്നു് ഉതുപ്പച്ചനു് നല്ലനിശ്ചയമുണ്ടായിരുന്നതിനാൽ അദ്ദേഹത്തോടൊ, വേറെ ആരോടുമൊ, ആലോചിക്കാതെയും, ആരേയും അറിയിക്കാതെയും ഉതുപ്പച്ചൻ ഒരു പോംവഴികണ്ടുപിടിച്ചതെന്നു് നേരിട്ടറിയാമെന്നു് മുകുട്ടു മുന്നണി പ്രവർത്തകരിൽ ഒരുവനായ ഇസഡ്-എം-പാറേട്ടു മലങ്കര നസ്രാണികൾ എന്ന പുസ്തകത്തിന്റെ നാലാംവാല്യത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഉതുപ്പച്ചൻ ഒരു തന്ത്രം പ്രയോഗിച്ചു. ഈ തന്ത്രപ്രയോഗം നീതീകരിക്കാമൊ? അതു് നീതികരിക്കാനായി ലൂക്കോസിന്റെ സുവിശേഷം 16-ാം അദ്ധ്യായത്തിലെ ആദ്യത്തെ പത്തുവാക്യങ്ങൾ ഇവിടെ ചേർത്തുകൊള്ളുന്നു. 'ധനവാനായ ഒരു മനുഷ്യനു് ഒരു കാര്യവിചാരകൻ ഉണ്ടായിരുന്നു. അവൻ, അവന്റെ വസ്തുവക നാനാ വിധമാക്കുന്നു എന്നു് ചിലർ അവനെ കുററംപറഞ്ഞു. അവൻ അവനെ വിളിച്ചു്, നിന്നെ കൊണ്ടു് ഈ കേൾക്കുന്നതു് എന്തു്? നിന്റെ കാര്യവിചാരത്തിന്റെ കണക്കു് ഏല്പിച്ചു് തരിക' നീ ഇനി കാര്യവിചാരകനായിരിപ്പാൻ പാടില്ലാ എന്നു് പറഞ്ഞു– എന്നാറെ കാര്യവിചാരകൻ, ഞാൻ എന്തു് ചെയ്യേണ്ടു? യജമാനൻ എന്നെ കാര്യവിചാരത്തിൽ നിന്നും നീക്കുവാൻപോകുന്നു. കിളപ്പാൻ എനിക്കു് പ്രാപ്തിയില്ല–ഇരപ്പാൻ ഞാൻ നാണിക്കുന്നു. എന്നെ കാര്യവിചാരത്തിൽനിന്നും നീക്കിയാൽ അവർ എന്നെ തങ്ങളുടെ വീടുകളിൽ ചേർത്തുകൊള്ളുവാൻ തക്കവണ്ണം ഞാൻ എന്തു് ചെയ്യേണ്ടു എന്നു് എനിക്കറിയാം എന്നു് ഉള്ളുകൊണ്ടു് പറഞ്ഞു. പിന്നെ അവൻ യജമാനന്റെ കടക്കാരിൽ ഓരോരുത്തരെ വരുത്തി ഒന്നാമത്തവനോടു്, നീ യജമാനനു് എത്രകടപ്പെട്ടിരിക്കുന്നു എന്നു് ചോദിച്ചു. നൂറു്കുടം എണ്ണ എന്നു് അവൻ പറഞ്ഞു. അവൻ അവനോടു നിന്റെ കൈച്ചീട്ടുവാങ്ങി വേഗം ഇരുന്നു് അമ്പതു് എന്നു് എഴുതുക, എന്നു് പറഞ്ഞു. അതിന്റെ ശേഷം മറെറാരുത്തനോടു് 'നീ എത്ര കടപ്പെട്ടിരിക്കുന്നു എന്നു് ചോദിച്ചു. നൂറു പറ ഗോതമ്പു് എന്നു് പറഞ്ഞു. അവനോടു് നിന്റെ കൈച്ചീട്ടു വാങ്ങി എൺപതു് എന്നു് എഴുതുക എന്നു് പറഞ്ഞു. ഈ അനീതിയുള്ള കാര്യവിചാരകൻ ബുദ്ധിയോടെ പ്രവർത്തിച്ചതു് കൊണ്ടു് യജമാനൻ അവനെ പുകഴ്ത്തി— വെളിച്ചമക്കളെക്കാൾ ഈ ലോകത്തിന്റെ മക്കൾ തങ്ങളുടെ തലമുറയിൽ ബുദ്ധിയേറിയവരല്ലൊ? ഈ ഉപമയിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യസ്ഥൻ സ്വന്തകാര്യം സാധിക്കാനാണല്ലൊ ശ്രമിച്ചതു്. എന്നിട്ടും അയാളെ ദൈവപുത്രനായ സഭാനാഥൻ കുററപ്പെടുത്തിയില്ല. നേരെമറിച്ചാണല്ലൊ ചെയ്തതു്. അപ്പോൾ മലങ്കര നസ്രാണി സമുദായ കാര്യങ്ങൾ സംരക്ഷിക്കുന്നതിനും, പ്രത്യക്ഷമായ അനീതിയിൽനിന്നു് വിമോചനം നേരിടുന്നതിനും വേണ്ടി തന്ത്രപ്രയോഗം നടത്തിയതു് നീതീകരിക്കാവുന്നതാണല്ലൊ.

കുറെ കഴിഞ്ഞു പുനരിനുവേണ്ടിയുള്ള ഹർജ്ജി അനുസരിച്ചു് എത്രയും വേഗത്തിൽ പകർപ്പു് കൊടുപ്പിച്ചു പുനർ എന്ന വയ്യാവേലി മറികടക്കാൻ ഒത്തു. അപ്പോൾ ഹർജ്ജി കാണുന്നില്ലാ!! കോടതിയിൽ കിട്ടി എന്നു് റജിസ്ട്രറിൽ പതിച്ചിട്ടുമുണ്ടു്. വീരരാഘവയ്യ

(ശേഷം 6—ാം പേജിൽ)

നോവൽ



# വഴിയറിയാതെ

## പതിനൊന്നു്

**ജേക്കബ് കണ്ണന്താനം**

ദേവീക്ഷേത്രവും കടന്നു് കാർ മുന്നോട്ടു നീങ്ങിയപ്പോൾ ഡോക്ടർ അത്ഭുതപ്പെട്ടു. വഴിയുടെ ഇരുവശങ്ങളിലുമായി എത്രയെത്ര കെട്ടിടങ്ങളാണു് ഉയർന്നിരിക്കുന്നതു്? ഉയർന്നുകൊണ്ടിരിക്കുന്നതു്. ഗൾഫു പണത്തിന്റെ തള്ളൽ തന്റെ നാടിന്റെയും മുഖഛായ മാററിക്കൊണ്ടിരിക്കുകയാണെന്നു് അദ്ദേഹം വിചാരിച്ചു. കഴിഞ്ഞ തവണ വന്നപ്പോൾ കണ്ടതിനേക്കാൾ എന്തെന്തു മാററങ്ങൾ?

ആയുർവ്വേദാശുപത്രി, സബ് രജിസ്ട്രാറാഫീസ്, ഫുഡ് കോർപറേഷൻ ഡിപ്പോ, ഗവണ്മെൻറ് ഹൈസ്കൂൾ, എന്നു വേണ്ട പണ്ടു് കാളച്ചന്ത നടന്നിരുന്ന സ്ഥലത്തു് ഇപ്പോൾ മുഴുവൻ കൊക്കോച്ചെടികളാണു്.

അപ്പനു് കന്നുകാലിക്കച്ചവടം ഉണ്ടായിരുന്ന കാലത്തു് പലപ്പോഴും അപ്പനോടൊപ്പം ഇവിടെ വന്നിട്ടുണ്ടു്. മിക്കവാറും ഒന്നിലധികം ഉരുക്കളെ വിൽക്കാനുണ്ടാവും. ആടിനും കന്നുകാലിക്കും പ്രത്യേകം പ്രത്യേകം സ്ഥലമാണല്ലൊ. സാധാരണ ആടിനെ വിൽക്കാനുണ്ടെങ്കിൽ അതിന്റെ ചുമതല തന്നെയാണു് അപ്പൻ ഏല്പിക്കുക. അപ്പൻ കന്നുകാലികളെ കെട്ടിയിരിക്കുന്ന സ്ഥലത്തു് തങ്ങും.

ആദ്യത്തെ കച്ചവടത്തിൽ വന്ന ഒരു പാകപ്പിഴകൊണ്ടു് അപ്പന്റെ കിഴുക്കു കൊള്ളേണ്ടിവന്ന കഥ ഓർത്തപ്പോൾ ഡോക്ടറുടെ ചുണ്ടിൽ ചിരിയൂറി. പത്തോ പതിനൊന്നോ വയസ്സുള്ളപ്പോഴാണു്. പതിനാറു രൂപയ്ക്കു്, രണ്ടു മൂന്നു ദിവസം മുമ്പേ എവിടെനിന്നോ വാങ്ങിച്ചുകൊണ്ടുവന്ന ഒരു പെണ്ണാടു്. 'ഈ കച്ചവടത്തിൽ കുറഞ്ഞതു് രണ്ടു രൂപയെങ്കിലും നമുക്കു് ലാഭം കിട്ടണം. അതുകൊണ്ടു് ആരെങ്കിലും വന്നാൽ 20 രൂപ വില ചോദിച്ചുകൊള്ളണം. അപ്പോൾ അവർ ഒരു വില പറയും. അങ്ങനെ പതിനെട്ടു രൂപാ ആരു പറയുന്നോ അവർക്കു കച്ചവടം ചെയ്തേക്കുക. പതിനെട്ടു രൂപയിൽ കുറഞ്ഞ ഒരു വിലയ്ക്കു് ആടിനെ വിൽക്കേണ്ട. അവിടെ നിന്നോട്ടെ.' ഇങ്ങനെയൊക്കെ പറഞ്ഞു പഠിപ്പിച്ചിട്ടാണു് അപ്പൻ അപ്പുറത്തേക്കു പോയതു്.

മസൂരിക്കലയും കൊമ്പൻമീശയും ഉണ്ടക്കണ്ണുമുള്ള ഒരു തടിയൻ ആടിന്റെ വില ചോദിച്ചു് അടുത്തുവന്നു. അയാളുടെ രൂപവും ഭാവവും പേടിപ്പെടുത്തുന്നതായിരുന്നു. ശബ്ദവും അതിനു് ചേരുന്നതുതന്നെ. അയാൾ മുഖത്തേക്കു സൂക്ഷിച്ചു നോക്കുക കൂടി ചെയ്തപ്പോൾ ശരിക്കും പരിഭ്രമിച്ചുപോയി. ആ വേവലാതിക്കിടയിൽ വില പറഞ്ഞതു് പതിനെട്ടുരൂപയെന്നാണു്. ചോദിക്കുന്ന വില കൊടുത്തു് ഉരുക്കളെ ആരും വാങ്ങാറില്ലെന്നു് ഒരു ന്യായം പറഞ്ഞു്, പതിനേഴേമുക്കാൽ രൂപാ എണ്ണി ഏൽപിച്ചിട്ടു് ആടിനെയും അഴിച്ചുവിട്ടുകൊണ്ടു പോകാൻ ഒരുങ്ങുകയാണു് അയാൾ. പററിപ്പോയ അബദ്ധത്തെക്കുറിച്ചു് ബോധവാനായതു് അപ്പോഴാണു്. ഇനി എന്തു ചെയ്യും? അടുത്തുനിന്ന ഒരാളുടെ സഹായം അഭ്യർത്ഥിച്ചപ്പോൾ, തനിക്കു് ഇതിൽ ഒന്നും ചെയ്യാനില്ലെന്നു് അയാൾ കൈമലർത്തി. ഒടുവിൽ കരഞ്ഞുകൊണ്ടാണു് അപ്പന്റെ അടുത്തു ചെന്നതു്.

കാൽ രൂപയല്ലേ പോയതു്. സാരമില്ല, പോട്ടെടാ, എന്നുപറഞ്ഞു് ആശ്വസിപ്പിക്കുമെന്നാണു വിചാരിച്ചതു്. പക്ഷെ ചെവി പിടിച്ചു് വിരലുകൾക്കിടയിലിട്ടു തിരുമ്മിക്കൊണ്ടു് അപ്പൻ കുററപ്പെടുത്തി.

'കാൽ രൂപാ പോയതിലല്ല. പറഞ്ഞാൽ പറഞ്ഞതുപോലെ ചെയ്യണം! കെഴങ്ങൻ! ഇരുപതു രൂപാ ചോദിച്ചിരുന്നെങ്കിൽ ..... ഇക്കണക്കിനു് നീയൊക്കെ എങ്ങനെ രക്ഷപെടുമെടാ? കച്ചവടത്തിനെന്നല്ല, എല്ലാററിനും വേണ്ടേ ഒരു സാമർത്ഥ്യവും തകൃതവും!'

കിഴുക്കു കിട്ടിയെങ്കിലും അന്നത്തേതു് ഒരു പാഠമായിരുന്നു. പിന്നീടു് ചെയ്ത ഒററക്കച്ചവടത്തിലും ഇത്തരം പാളിച്ചകൾ സംഭവിച്ചിട്ടില്ല. പറഞ്ഞു് ഏൽപ്പിച്ചതിനേക്കാൾ കൂടിയ വിലയ്ക്കു് ആടുകളെ വിററു് പലപ്പോഴും അപ്പനെ അത്ഭുതപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്.

ഈ കാളച്ചന്തയിൽ ഒടുവിൽ വിററതും ഒരാടിനെത്തന്നെയാണു്. അതു മെഡിക്കൽ കോളേജിൽ പഠിച്ചുകൊണ്ടിരുന്ന കാലത്തായിരുന്നു. അപ്പൻ മരിക്കുന്നതിനുമുമ്പാണു്. എന്തോ അസുഖമായിട്ടു് അപ്പൻ ഇരുപ്പായിരുന്നുവെന്നു തോന്നുന്നു. ക്രിസ്തുമസ് അവധി കഴിഞ്ഞുപോകുമ്പോൾ കൊണ്ടുപോകാനോ വണ്ടിക്കൂലി കൊടുക്കാനോ പോലും ഒരു പൈസ കൈയിൽ ഇല്ല. അപ്പൻ ആരോടോ കുറെ രൂപാ വായ്പ ചോദിച്ചിരുന്നു. സമയമായപ്പോൾ അതു കിട്ടാതെവന്നു.

'കർത്താവേ! നാളെകഴിഞ്ഞു് ചെറുക്കനെ എങ്ങനെ പറഞ്ഞുവിടും? ഇനി ഇച്ചിര രൂപാക്കു് ഞാൻ എവിടെപ്പോകും? 'എന്നുപറഞ്ഞു് വിഷമിച്ചു് ഇരിക്കുന്ന അപ്പനോടു്, അമ്മയാണു് പറഞ്ഞതു്.

'നാളെ കാളച്ചന്തയല്ലേ? ആ ആട്ടിൻകുട്ടിയെ പിടിച്ചുകെട്ടി ചന്തക്കു് കൊണ്ടുപോകാൻ അവനോടു പറയ്!'

ആട്ടിൻകുട്ടി കൊച്ചുപെങ്ങൾ ആനിയുടെ വകയായിരുന്നു. ചന്തക്കു് കൊണ്ടുപോകാൻ കൂട്ടിൽനിന്നു് അഴിക്കുമ്പോൾ ആടും, ആനിയും ഒരുപോലെ കരയുന്നുണ്ടായിരുന്നു...

കോ ഓപ്പറേററീവ് ബാങ്കിന്റെ മുററത്തുനിന്നു്, നീണ്ടമുടിയും താടിയും ഉള്ള ഒരാൾ കൈവീശികാണിച്ചു. തലക്കു് സുഖമില്ലാത്ത ആളാണെന്നു തോന്നുന്നു.

പണ്ടത്തെ കിറുക്കൻ ഗോവിന്ദൻ ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ എന്തോ? മുടിയും താടിയും നീട്ടി കീറിപ്പറിഞ്ഞ വേഷവുമായി വീടുതോറും കയറിഇറങ്ങി നടക്കുന്ന ഗോവിന്ദൻ എന്തെങ്കിലും കൊടുത്താൽ സന്തോഷത്തോടെ സ്വീകരിക്കും. കൊടുത്തില്ലെങ്കിലും വിരോധം ഒന്നുമില്ല. കടത്തിണ്ണകളിലും, ആളൊഴിഞ്ഞ വീടുകളുടെ പരിസരങ്ങളിലും അന്തിയുറങ്ങുന്ന ഗോവിന്ദനെ കുട്ടികൾക്കൊക്കെ ഭയമായിരുന്നു. അനിയൻ കുഞ്ഞിനെയും, ആനിയെയുമൊക്കെ, 'ദേണ്ടെ, കിറുക്കൻ ഗോവിന്ദൻ വരുന്നെന്നു പറഞ്ഞു് പലപ്പോഴും പേടിപ്പിക്കുമായിരുന്നു.

അപ്പന്റെ കൊപ്രാക്കളവും ഗോവിന്ദന്റെ ഒരു നിശാസങ്കേതമായിരുന്നു. സാധാരണ മഴക്കാലങ്ങളിലാണു് ഗോവിന്ദൻ അവിടെ താവളം അടിക്കുക. മഴക്കാലത്തു് തേങ്ങാ ഉണക്കാൻ പുകപ്പുരയിൽ തീ കത്തിക്കും. അപ്പോൾ തണുപ്പേൽക്കാതെ സുഖമായിട്ടു് കിടന്നു് ഉറങ്ങരുതോ.

പണ്ടു് കൊപ്രാക്കളം ഇരുന്ന സ്ഥലത്തു് ഇപ്പോൾ ഒരു തടിമില്ലാണു് പ്രവർത്തിക്കുന്നതു്. അറുക്കാനുള്ള മരത്തടികൾ മുററത്തു കൂട്ടിയിട്ടിരിക്കുന്നു. രാവിലെ അറപ്പു തുടങ്ങിയിട്ടില്ലെന്നു തോന്നുന്നു. ശബ്ദമൊന്നും കേൾക്കാനില്ല. മില്ലിന്റെ വാതിക്കൽ നിർത്തിയിട്ടിരിക്കുന്ന ലോറിയുടെ പേരു് ഡോക്ടർ വായിച്ചു.

'സരിത; ഇതായിരിക്കും അനിയൻകുഞ്ഞു് ഓടിക്കുന്ന ലോറി. നാട്ടിലെ ഏതോ തടിമില്ലുകാരുടെ വണ്ടി ഓടിക്കുകയാണെന്നാണല്ലോ അവൻ പറഞ്ഞിരുന്നതു്.

അന്നു്, അപ്പൻ മരിച്ചില്ലായിരുന്നെങ്കിൽ ഒരു പക്ഷെ മെയിൻറോഡരികിലെ നല്ല തട്ടോത്ത ഈ അരയേക്കർ സ്ഥലം കൈവിട്ടുപോകുകയില്ലായിരുന്നു വെന്നു് ഡോക്ടർ ഓർത്തു.

മെഡിക്കൽ കോളേജിൽ ചേർന്നവർഷമാണു് അപ്പൻ മരിക്കുന്നതു്. മദ്ധ്യവേനൽ അവധിക്കാലത്തു്. കൊപ്രാ വിൽക്കാൻ ആലപ്പുഴക്കു പോയിട്ടു് മടങ്ങിവരുന്നവഴിക്കാണു്. കൊപ്രാക്കളത്തിൽനിന്നു് വീട്ടിലേക്കുള്ള വഴിയിൽ ചീരക്കാട്ടെ മാത്തൻ വല്യപ്പന്റെ തെങ്ങുംതോപ്പിന്റെ നടുക്കുവച്ചു് കാലിൽ എന്തോ 'തൊട്ടു'തായിട്ടുതോന്നി. മങ്ങിയ നിലാവെളിച്ചത്തിൽ കരിയിലക്കൂട്ടത്തിലൂടെ എന്തോ ഇഴഞ്ഞു നീങ്ങുന്നതും കണ്ടു. കാര്യമാക്കിയില്ല. പക്ഷെ മൂന്നാലു ചുവടുനടന്നപ്പോൾ ശരീരം തളരുന്നതുപോലെ കണ്ണുകളിൽ ഇരുട്ടുകയറുന്നതുപോലെ!

ഇഴഞ്ഞും വലിഞ്ഞുമാണു് തെങ്ങുംതോപ്പിൽ കുടിൽകെട്ടി താമസിക്കുന്ന നീലാണ്ടന്റെ മുററത്തു ചെന്നുകയറിയതു്. വിവരം പറഞ്ഞുതീർന്നു് അധികം താമസിക്കാതെ ബോധം മറഞ്ഞുപോയി. വിവരം വീട്ടിൽ അറിയിച്ചിട്ടു് അപ്പനെ അവിടെനിന്നു് നേരെ വിഷവൈദ്യന്റെ അടുത്തേക്കു് കൊണ്ടുപോകുകയായിരുന്നു. ഇന്നത്തെപ്പോലെ വഴിയോ വാഹനസൗകര്യങ്ങളോ വല്ലതും അന്നുണ്ടോ? എടുത്തും പിടിച്ചും, വിഷമിക്കുമ്പോൾ താഴെവച്ചും ഒക്കെയാണു് കൊണ്ടുപോകുന്നതു്.

ഇവർ ചെല്ലുമ്പോൾ വൈദ്യർ എവിടെയോ യാത്രപോകാനൊരുങ്ങുകയായിരുന്നു. 'ലക്ഷണപ്പിശകാണല്ലോ ഈശ്വരാ!' എന്നു് പിറുപിറുത്തുകൊണ്ടു്, വൈദ്യർതന്നെ ജീരകവെള്ളത്തിൽ ഒരു ഗുളിക ഉരച്ചു് കുടിക്കാൻ കൊടുത്തു. പക്ഷെ അതു് തൊണ്ടക്കു് താഴോട്ടിറങ്ങിയില്ല...

അപ്പന്റെ വേർപാടു് വരുത്തിയതിനേക്കാൾ എത്രയോ വേദനനിറഞ്ഞ അനുഭവങ്ങളാണു് തുടർന്നുണ്ടായതു്? ഒരിക്കലും പ്രതീക്ഷിക്കാത്ത അനുഭവങ്ങൾ!

അപ്പൻ മരിച്ചതിന്റെ ഒൻപതാം ദിവസത്തെ കർബാനയും കഴിഞ്ഞു് പള്ളിയിൽനിന്നു മടങ്ങിവരുമ്പോൾ കുടുംബത്തിലെതന്നെ അല്പം അകന്ന താവഴിയിലുള്ള ഒരു അച്ചായൻ തിണ്ണയിൽ ഇരിപ്പുണ്ടു്. അത്യാവശ്യം കുശലപ്രശ്നങ്ങളൊക്കെ നടത്തികഴിഞ്ഞു്, തങ്കമ്മ കൊണ്ടുചെന്നുകൊടുത്ത ഒരു ഗ്ളാസ്സു് കാപ്പിയും കുടിച്ചു് യാത്രചോദിക്കുമ്പോൾ പെട്ടെന്നു് ഓർമ്മിച്ചിട്ടെന്നോണം, അച്ചായൻ പറഞ്ഞു.

'ഈ സമയത്തു് പറയുന്നതു മോശമാ. എന്നാലും പറയാതിരിക്കുന്നതു് എങ്ങനെയാ? തോമ്മാച്ചായനു് അല്പസ്വല്പം കടബാദ്ധ്യതകളുണ്ടെന്നാ കേൾക്കുന്നതു്!'

ചെത്തിത്തേക്കാത്ത ചുമരിൽ തലചാരിനിന്ന അമ്മ ഒന്നും മിണ്ടിയില്ല. മിണ്ടാൻ വയ്യായിരുന്നു.

'ചേടത്തിയോടു് തോമ്മാച്ചായൻ വല്ലതും പറഞ്ഞിട്ടുണ്ടായിരുന്നോ?'

പുള്ളിക്കാരൻ പിന്നെയും ചോദിച്ചപ്പോൾ അമ്മ പറഞ്ഞു.

'എന്നോടു് ഒന്നും പറഞ്ഞിട്ടില്ല. എന്നോടു് ഇതൊന്നും പറയാറുമില്ലായിരുന്നു.'

'എനിക്കു് തരാനുള്ളതു് ഞാൻ പോട്ടേന്നു വയ്ക്കാം. പക്ഷേ അന്യന്മാരൊണ്ടല്ലോ. അവരു് ഇതു പറഞ്ഞോണ്ടുനടക്കത്തില്യേ?'

അതു ശരിവെയ്ക്കുന്ന മട്ടിൽ അമ്മ തലയാട്ടി.

'പണം തീരും. പഴി തീരത്തില്ലെന്നു കേട്ടിട്ടില്ലേ? പിള്ളേരു വളന്നുവരുമ്പം അവർക്കു് ഇതൊരു ബലഹീനത ആയിട്ടു തോന്നും. അതുകൊണ്ടു്.....'

'..... ...!?'

(തുടരും)

നോവൽ



# ശാന്തി നക്ഷത്രം

## അഞ്ച്

'അമ്മോൻ പടയാളികൾ! അമ്മോൻ പടയാളികൾ!'

ഇസ്രേലിലെ ഗ്രാമവാസികൾ പുരകളിൽ കയറി ഒളിച്ചു. അവർ വാതിലുകൾ ശക്തമായി ബന്ധിച്ചു. കയ്യിൽ കിട്ടുന്ന ആയുധങ്ങളുമായി കാത്തു നിന്നു. ഏതു നിമിഷവും അമ്മോനിലെ പടയാളികൾ കടന്നുവരാം. അവർ വന്നാൽ —'

ഇസ്രേലികൾക്ക് അമ്മോൻകാരെ നന്നായി അറിയാം. ആരും ആരേയും രക്ഷിക്കാൻ ആഗ്രഹിക്കാത്ത കാലം. ആർക്കും സുരക്ഷിതത്വമില്ലാത്ത കാലം ആരും ആരെയും വിശ്വസിയ്ക്കാത്ത കാലം —....

തെരുവിലൂടെ അവർ കടന്നു വരുന്നു.

രാജ്യം കൊള്ളയിടുന്നു.

അവരുടെ ക്രൂരത പ്രസിദ്ധമാണ്.

രണ്ടാഴ്ചയ്ക്കുമുമ്പാണ് അതു് സംഭവിച്ചതു്. എതിർക്കാൻ ആരുമുണ്ടായിരുന്നില്ല. അവളുടെ ഭർത്താവിനെയും ബന്ധുക്കളെയും അവർ കൊന്നു. ഇസ്രേലികളും അമ്മോൻകാരും രക്തബന്ധമുള്ളവരാണ്. ഒരേ ഗോത്രത്തിൽ പിറന്നവർ. അവരുടെ ഒരു തലമുറയ്ക്ക് പിന്നിൽ ചെന്നാൽ ഒരേ വംശത്തിലും കുടുംബത്തിലും പിറന്നവരാണ് അമ്മോനും ഇസ്രേല്കാരും. എന്നാൽ ഇന്നു് അവർ ബദ്ധശത്രുക്കളാണ്. അമ്മോൻകാരുടെ ക്രൂരത ഇസ്രേൽക്കാർ കാണിക്കാറില്ല. കുറേക്കൂടി നീതിയുക്തരാണ് ഇസ്രേൽക്കാർ. അമ്മോൻകാരുടെ പ്രവൃത്തികൾ ഒന്നും ഇസ്രേൽക്കാർ ചെയ്യാറില്ല. അമ്മോൻകാർ അങ്ങനെയല്ല.

നിനച്ചിരിക്കാതെയാണ് അവർ കടന്നുവരിക. പിന്നെ ഒരാക്രമണമാണ്. കൊല്ലാവുന്നവരെയെല്ലാം അവർ കൊല്ലുന്നു. സ്ത്രീകളെ നശിപ്പിക്കുന്നു. കുഞ്ഞുങ്ങളുടെ കഴുത്തു് വെട്ടിയെറിയുന്നു. സ്നേഹവും മനുഷ്യത്വവും അവർക്കില്ല. അങ്ങനെയാണ് ആ വീട്ടിലും അതെല്ലാം സംഭവിച്ചതു്. അമ്മോൻ പട്ടാളക്കാരെ കണ്ടതോടെ അവരെല്ലാം ഓടി വീട്ടിൽ കയറി കതകടച്ചു. ആയുധങ്ങളുമായി കാത്തുനിന്നു—

പക്ഷേ പട്ടാളക്കാർ ഓരോ വീടും കവർച്ച ചെയ്യുവരികയായിരുന്നു. കുറേ പേരെ കൊന്നും കുറേ പേരെ മുറിവേല്പിച്ചും രസിച്ചാണ് അവർ വന്നതു്. പട്ടാളക്കാർ ആദ്യം കതകിനു് തട്ടിവിളിച്ചു. ആരും കതക് തുറന്നില്ല. അവർ കതക് ചവിട്ടിപൊളിച്ചു. അവളുടെ ആങ്ങളമാരും ഭർത്താവും വാളുമായി പുറത്തുചാടി. അവർ ധീരമായി പോരാടി. അമ്മോൻകാർ അതു് പ്രതീക്ഷിച്ചിരുന്നില്ല. അവർ എണ്ണത്തിൽ കൂടുതൽ ഉണ്ടായിരുന്നു. എങ്കിലും അവർ ഭയന്നുപോയി. യുദ്ധത്തിൽ രണ്ടു് മൂന്നു് അമ്മോൻകാർ വീണതോടെ അവർക്കു വാശി കയറി. അവരും വീറോടെ യുദ്ധത്തിൽ പങ്കുകൊണ്ടു. അവളുടെ നാലു് ആങ്ങളമാരും ഭർത്താവും യുദ്ധത്തിൽ വീണു. പിശാചുക്കളായ അമ്മോൻകാർ അവരെ വേട്ടനായ്ക്കളെപോലെ കടിച്ചുകീറി. തുണ്ടം തുണ്ടം ആക്കി വെട്ടി മാററി. കണ്ണുകൾ ചൂഴ്ന്നു് എടുത്തു് തലയോട്ടി അവർ കെട്ടിത്തൂക്കി. എന്നിട്ടവർ വീട്ടിലേക്കു് ഓടിക്കയറി. മുറിയ്ക്കകത്തു് ഭയന്നുവിറച്ചിരിക്കുകയാണ് അവൾ. ഒമ്പതു് മാസം ഗർഭിണിയായ അവൾക്കു് ഓടാൻ കഴിയുമായിരുന്നില്ല.

അമ്മോൻ പടയാളികൾ അവളെ കണ്ടെത്തി.

അവളെ അവർ പിടിച്ചു് വലിച്ചു് കൊണ്ടുവന്നു.

അവൾ ഉറക്കെ കരഞ്ഞു.

ആ ശബ്ദമാണ് അവിടെയെല്ലാം കേട്ടതു്. ആമോസിന്റെ വീടുവരെ ആ ശബ്ദം എത്തി. പക്ഷേ ആർക്കും അതെന്താണെന്നു് ശ്രദ്ധിക്കാൻ കഴിഞ്ഞില്ല.

തുളസി കോട്ടുക്കൽ

അവർ അവളെ മുററത്തേക്കു കൊണ്ടുവന്നു.

ആങ്ങളമാരേയും ഭർത്താവിനെയും അവിടെ അരിഞ്ഞുകൂട്ടിയിരിക്കുന്നു. അതിന്റെ മുമ്പിൽ അവളെ നിർത്തി. പച്ച മാംസം തിന്നാൻ ആജ്ഞാപിച്ചു. അവൾ കരഞ്ഞപേക്ഷിച്ചു. തന്നെ ഒന്നും ചെയ്യരുതേ വെറുതെ വിട്ടേക്കു. എവിടെങ്കിലും പോയി ജീവിച്ചുകൊള്ളാം. അതു കേട്ടപ്പോൾ അവർ പൊട്ടിച്ചിരിച്ചു. അവർ പറഞ്ഞു.

'നീ ഈ മാംസം തിന്നണം. പച്ചക്കു് കടിച്ചു് പറിച്ചു് തിന്നണം. നിന്നെകൊണ്ടു് ഞങ്ങൾ തീററിക്കും —'

അവൾ മുട്ടിൽനിന്നു യാചിച്ചു.

ഒരാൾ അതിനകം ഒരു കമ്പി പഴുപ്പിച്ചു. അതു് അവർ അവളുടെ ഉന്തിയ വയററിന്റെ മുകളിൽ വച്ചു. അവൾ പിടഞ്ഞുവീണു. കരഞ്ഞുകൊണ്ടവൾ പിടഞ്ഞു.

അവർ ആജ്ഞാപിച്ചു.

എന്തിനു് താമസിക്കുന്നു. രക്ഷവേണമെങ്കിൽ അതു് തിന്നണം.

സ്വന്തം ഭർത്താവിന്റെ മാംസക്കഷണം!

അവൾ ഒരെണ്ണം എടുത്തു.

തന്റെ മുഖത്തു് നോക്കി ഭർത്താവു് പുഞ്ചിരിക്കുന്നു. അവൾ നിറഞ്ഞ കണ്ണുകളോടെ ആ മാംസകഷണം നോക്കിയിരുന്നു.

പെട്ടെന്നു് ഒരു ചാട്ട മുതുകിൽ പതിച്ചു.

അവൾ ഞെട്ടിപ്പിടഞ്ഞു—

മാംസകഷണവുമായി അവൾ മൂക്കു കുത്തി വീണു. വയറ് തറയിൽ തട്ടി. അവളുടെ തല കറങ്ങുന്നു. അടിവയററിൽ അസഹ്യമായ വേദന അനുഭവപ്പെട്ടു.

അവൾ ആ മാംസ കക്ഷണം വലിച്ചു് ദൂരെയെറിഞ്ഞു. ഏതോ ധൈര്യത്തോടെ പറഞ്ഞു.

'എന്നെക്കൂടി കൊല്ലു്. ഇനി ഞാനായി എന്തിനു ജീവിക്കുന്നു. കൊല്ലു് എന്നെക്കൂടി കൊല്ലു്.'

ഒരു പടയാളിയുടെ ഒററ ചവിട്ടിനു് അവൾ തെറിച്ചു് ചെന്നുവീണു—

വേട്ടനായ്ക്കളെപ്പോലെ അവർ അവളുടെ മുകളിൽ വീണു. അവരുടെ ക്രൂരതയിലൂടെ ഇസ്രേൽക്കാരെ ഭയപ്പെടുത്താൻ അവർ അവളെ പിടിച്ചുകെട്ടി.

അവളുടെ കയ്യും കാലും കെട്ടി മലർത്തിയിട്ടു.

അവൾ മരണത്തെ മുന്നിൽ കണ്ടു.

പല്ലു് കടിച്ചവൾ അലറി—

'എടാ ദുഷ്ടന്മാരെ....രക്തബന്ധമുള്ളവരെ....ഒരു പക്ഷേ നിന്റെയും എന്റെയും അപ്പൂപ്പൻ ഒന്നായിരിക്കും. നമ്മൾ സഹോദരി സഹോദരന്മാരായിരിക്കും. എന്നിട്ടും നീയൊക്കെ കാണിക്കുന്ന ക്രൂരതയ്ക്കു് പരിശുദ്ധൻ നിന്നോടു് പകരം ചോദിക്കും. യഹോവ നിന്നോടു് പകരം ചോദിക്കും.' അതുകേട്ടു് അവർക്കു് ദേഷ്യം വന്നു—

അവർ അവളെ ആവശ്യം പോലെ ഉപദ്രവിച്ചു.

പട്ടാളനായകൻ പറഞ്ഞു.

'ഇവളുടെ കൊല ഭീകരമായിരിക്കണം. അതുകണ്ടു് ഇസ്രേൽ ഞെട്ടണം. ഇവളുടെ വയറുകീറി കൊല്ലണം.'

അതു് അവളും കേട്ടു—

ആ ക്രൂരതയ്ക്കു് എതിരെ അവൾ പിടഞ്ഞു.

മൂർച്ചയുള്ള വാളുമായി ഒരു ഭടൻ ആഞ്ഞടുത്തു. കാലന്റെ രൂപമുള്ള അവൻ അവളുടെ നെഞ്ചിനു് താഴെ വാൾ വച്ചു.

ഒററ കീറക്കം. വയറു് മലർക്കെ തുറന്നു.

രക്തം കുത്തിയൊഴുകി. പിടയുന്ന കുട്ടി. പിടയുന്ന അമ്മ.

അതു് കണ്ടു് ആർത്തട്ടഹസിക്കുന്ന അമ്മോൻ പടയാളികൾ.

ഒരുനിമിഷംകൊണ്ടു് എല്ലാം നിശ്ചലമായി.

കവിത

# ദർശനം

അന്തരാത്മാവിലനശ്വരഭാവമായ്
നിൻവിശ്വരൂപം ചിറകടിച്ചെത്തവേ;
ആദിമദ്ധ്യാന്തമേതിന്നഭിരാമമാം-
സ്നേഹാഗ്നിയിൽ സ്ഫുടം ചെയ്യുന്ന ജീവിതം

അന്ധകാരം മുററിനിൽക്കുമീവീഥിയി-
ലന്ധരായ് മേവും ജനസഞ്ചയങ്ങളിൽ;
ആദിപാപത്തിന്റെ നീരാളിച്ചുററിടും-
ജീവന്റെ വൃക്ഷങ്ങൾ വേരററു നിൽക്കവേ;
കന്മഷം കാളിമ ചാർത്തിയ മാനസ-
മെന്നുമധർമ്മത്തെ വാരിപ്പുണർന്നുകൊ-
ണ്ടാദിസർപ്പത്തിന്റെയാജ്ഞാനുവർത്തിയാ-
യാദാമിലേയ്ക്കെത്തി, വിഹ്വലനേത്രരാ-
യയ്യം വിളിക്കുമീ സംഹാരഭൂമിയിൽ;
താമ്രസർപ്പത്തെയുയർത്തിയ ശക്തിയെ-
കാണുവാനാകാശനീലിമനോക്കിടും;
മർത്ത്യന്നമർത്ത്യതയേകു നീ ദൈവമേ-

ജീവിതം ദുഷ്കരമെങ്കിലും പ്രത്യാശ-
ജീവികൾക്കെല്ലാമവിടുന്നരുളിയ-
തിന്നും സ്മരിച്ചിടും വിശ്വമനസ്സിന്റെ-
സ്പന്ദനം, നിന്നെ പ്രതീക്ഷിച്ചു നിൽപിതേ
ഞാനൊരു മൺ തരിയല്ലോ, ഭവാനെന്റെ-
കണ്ണിന്നു കർപ്പൂരധാരപകർന്നുവോ-?
നിൻദിവ്യദർശനം, സായൂജ്യദായകം-
നിന്നിലെൻ ജന്മമനശ്വരമെന്നുമേ

വെള്ളനാട് ഡെന്നിസൻ

ഫാ. ഇ. ജെ. എബ്രഹാം

# പരുമല കൊച്ചുതിരുമേനി

## അനുബന്ധം ബി (തുടർച്ച)

ഞാൻ–നീ ആരാകുന്നു?

സാത്താൻ–ഞാൻ ക്രിസ്ത്യാനികളിൽനിന്ന് അകപ്പെട്ടവനും പുറജാതികളുടെതലവനും ആകുന്നു.

ഞാ–നീ എവിടെനിന്നു വരുന്നു?

സാ–ഞാൻ മൂന്നുമൈൽ പടിഞ്ഞാറ് നാലാം മൈലിങ്കൽ നിന്നു വരുന്നു.

ഞാ–ശപിക്കപ്പെട്ട ദുഷ്ടപിശാചേ, നീ ദൈവത്തിൻെറ ദാസനിൽഎന്തു കൊണ്ടു കയറി?

സാ–ഈ ചെറിയ വാസസ്ഥലം ഇനിക്കു കിട്ടുമെന്നു വിചാരിച്ചത്രെ.

ഞാ–നീ എപ്പോഠം ഇവിടെ വന്നു?

സാ–ഞാൻ വന്നിട്ട് മൂന്നു ദിവസമായി. ഹാസായുടെ ദിവസം മഹാവലിയതാകുന്നു, അതിൻെറ നമസ്ക്കാരം; കമ്പിടീൽ മുതലായവയിൽനിന്ന് നിങ്ങളുടെ ഈ ദാസനെ മുടക്കാൻ അത്രെ ഞാൻവന്നതു്.

ഞാ–എനിക്കു് ദാസനില്ല.

സാ–ദാസനോ ശിഷ്യനോ ആരെങ്കിലും ആകട്ടെ.

ഞാ–ശ പി ക്ക പ്പെട്ട വ നെ! ദൈവത്തിൻെറ ദാസനിൽ നിനക്കെന്തുകാര്യം?

സാ–ഞാൻ നിൻെറ മ്ശിഹായ്ക്കു മുമ്പുള്ളവനാകുന്നു.

ഞാ-ദുഷ്ടപിശാചേ, അറപ്പുകേട സംസാരിക്കുന്നുവോ?

സാ–നിൻെറ മ്ശിഹായെ പരീക്ഷിച്ചതു് എൻെറ പിതാവാകുന്നു.നിൻെറ മ്ശിഹായെ കുരിശിൽ തൂക്കിയതും ഞാനാകുന്നു.

(സാത്താൻ വീണ്ടും) നിങ്ങളുടെ കൂട്ടത്തിൽ ഭക്തന്മാർ ദയറായക്കാരല്ലെ. യാക്കോബുറമ്പാൻ എങ്ങിനെയിരിക്കുന്നു. അവൻ എൻെറ മകനാണു്. വെട്ടിക്കൽ ഇപ്പോഠം പള്ളി പണിയിക്കുന്നതു ഞാൻ മുഖാന്തിരമാണു്. ഈ സഭ നശിപ്പിക്കണമെന്നു് ഞാൻ വിചാരിച്ചിട്ടു സാധിച്ചില്ല. ഈ ദേശം എല്ലാം എൻെറ കയ്യിൽ ആയിരുന്നു. നിങ്ങളുടെ പിതാവു നിമിത്തമായിട്ടു തെക്കേ ദിക്കിൽ സഭ വർദ്ധിച്ചുവരുന്നു. ഈ സഭയെ എടുത്തു മുണ്ടാററിൽ ഇട്ടുകളയാൻ എനിക്കുകഴിയും. നിങ്ങളുടെ പിതാവു് ചെറുപ്പം മുതലേ ഭക്തനായിരുന്നു. അവനെ ഞാൻ പിടിച്ചിട്ടുണ്ടു്. അവൻ പാതിരാവിൽ മരിച്ചപ്പോഠം അവൻെറ ആത്മാവിനെപിടിപ്പാൻ ഞങ്ങഠംചെന്നു. പക്ഷെ കിട്ടിയില്ല. അവൻെറ ശക്തിയേ നിങ്ങഠംക്കൊള്ളു.

(സാത്താൻഎന്നോടായിട്ടു്) നിൻെറ പിതാക്കന്മാരെ ഒക്കെയും ഞാൻ അറിയും. നിൻെറ പുലിക്കോട്ടു മെത്രാൻ ശീമക്കു പോയി വരുന്ന വഴിക്കു കൂടെ പോന്ന യറമിയ ശെമ്മാശനെ കൊല്ലുവാൻ കഴിഞ്ഞില്ല.ഞാൻ കത്തിവെച്ചു. അപ്പോഠം കൊന്നില്ലെങ്കിലും പിന്നെ ഞാൻ അവനെ പിടിച്ചു. മെത്രാപ്പോലീത്തയേയും കൊല്ലുവാൻ എനിക്കു അധികാരം ഉണ്ടായിരുന്നു. എങ്കിലും ഞാൻ അതുചെയ്തില്ല എന്നേയുള്ളു.

ഞാ–പിന്നെ എന്താ കൊല്ലാതെ ഇങ്ങോട്ടു് അയച്ചതു്.

സാ–എൻെറ ദയവുകൊണ്ടു് മാതാപിതാക്കന്മാരെ കണ്ടു കൊള്ളട്ടെ എന്നു വിചാരിച്ചാണു്. അവൻ വന്നതുകൊണ്ടുള്ള ഉയർച്ചയെ നിങ്ങഠംക്കുള്ളു.

നിങ്ങളുടെ പിതാവു് ഇതാ മൂന്നാം പ്രാവശ്യം വരുന്നു എന്നു പറഞ്ഞു് ഉരുണ്ടുവീണു. വീണ്ടും എഴുന്നേററു് ഇനിയും ആക്ഷേപിക്കയില്ല. ക്രിസ്ത്യാനികളുടെ പിതാവു് വലിയവനാകുന്നു. എന്നു പറഞ്ഞുകൊണ്ടു് കാലു നിലത്തിട്ടടിച്ചിട്ടു്; ഞാൻ പൊയ്ക്കൊള്ളാമേ എന്നു മൂന്നുനാലു പ്രാവശ്യം പറഞ്ഞു. പിന്നീടു് എനിക്കു് ഒരു ക്രിസ്ത്യാനി ആയാൽ കൊള്ളാം. പ്രത്യേകം യാക്കോബായക്കാരനാകുന്നതിനത്രെ. എന്നാൽ എന്നെ മാമോദീസാ മുക്കുവാൻ പട്ടക്കാരനില്ല.

(സാത്താൻ തിരുമേനിയോടു പറയുന്നതുപോലെ) ഇനിയും ഈ പ്രാവശ്യംകൂടി എന്തിനെന്നെ കഷ്ടപ്പെടുത്തുന്നു, നിൻെറ ദാസൻെറ ഭക്തികൊണ്ടു് ഞാൻ വളരെ വിഷമിച്ചു. രണ്ടു ദിവസം അവനെ കഷ്ടപ്പെടുത്തി. ഇവൻെറ ക്ഷീണം കണ്ടിട്ടു് നമസ്ക്കാരത്തിനു് വന്നാൽ മതിയെന്നു് ഒരു സഹോദരൻ അവനോടു പറഞ്ഞു. ഈ ചെറിയ വാസസ്ഥലം എനിക്കു കിട്ടിയെങ്കിൽ കൊള്ളായിരുന്നു. എന്നെ അയയ്ക്കുന്നു എങ്കിൽ ഒരു ചെറിയ വാസസ്ഥലത്തേക്കു് എന്നെ അയയ്ക്കണമെ. ക്രിസ്ത്യാനികളുടെ പിതാവേ, അവിടുത്തെ ദാസൻെറ ചങ്കിനു വളരെ വേദന പിടിപ്പിക്കും. ക്രിസ്ത്യാനികളുടെ പിതാവേ, ഞാൻ മാത്രം നിന്നോടു് ഇത്രയും വാദിച്ചൊള്ളു. അതുകൊണ്ടാകുന്നുവോ, മൂന്നു പ്രാവശ്യം എന്നെ കഷ്ടപ്പെടുത്തുന്നതു്. ഇത്രയും പറഞ്ഞപ്പോഴേക്കു് ഉരുണ്ടുവീണു ശ്വാസം മുട്ടിച്ചു ഞരക്കംവലിക്കയും കൈകാൽ ഇട്ടു തല്ലുകയും ചെയ്തു. വീണ്ടും എഴുന്നേററിരുന്നു. എനിക്കു് കുറെ വെള്ളം തരുമോ (തന്നെത്താൻ) ഉവ്വ് 'തരും. നിങ്ങഠം മഹാ കഠിനന്മാരാകുന്നു. ക്രിസ്ത്യാനികളായ നിങ്ങഠം ശപിക്കപ്പെട്ടവരാകുന്നു. നിങ്ങഠംക്കു് അല്പംപോലും ദയയില്ല. ഇത്രയും പറഞ്ഞപ്പോഠം (തിരുമേനിയോടു്)എന്നപോലെ അയ്യോ അനുവദിക്കണമെ ഞാൻ പൊയ്ക്കൊള്ളട്ടെ. എന്തിനെന്നെ മൂന്നു പ്രാവശ്യം കഷ്ടപ്പെടുത്തുന്നു. അവിടുത്തെ ദാസനെ നമസ്കാരത്തിൽനിന്നും മററും മുടക്കിയതു് എന്നോടു ക്ഷമിച്ചുകൊള്ളണമെ, ക്ഷമിക്കയില്ലെന്നു് എനിക്കറിയാം. ഇന്നു സന്ധ്യാനമസ്ക്കാരത്തിനു് മൂന്നു പ്രാവശ്യമെ നിൻെറ ദാസനെക്കൊണ്ടു് ഞാൻ കമ്പിടീച്ചൊള്ളു. നിൻെറ ദാസൻ ഇന്നു് ഔഗേൻെറ ചരിത്രം വായിച്ചിട്ടു് മുഴുവനാക്കാതെ ഇരുന്നതും ഞാനാണു്. (ഞങ്ങളോടായിട്ടു്) നിങ്ങളുടെ പിതാവിൻെറ നിമിത്തമായിട്ടു് പലരും ഭക്തന്മാരായി തീരുന്നുണ്ടു്. നിങ്ങളുടെ പിതാവിനെയും ഞാൻ പരീക്ഷിച്ചു. പിന്നെ നിങ്ങളെ ഞാൻ വച്ചേക്കുമോ?

ഞാൻ ഇവനെ കൊണ്ടുപോകും. നിങ്ങളുടെ പിതാവു് തരികയില്ല. ചുററുംമുള്ളുകൊണ്ടു് വേലികെട്ടിയിട്ടുണ്ടു്. എന്നാൽ ഒരു വാതിൽ തുറന്നുകിടക്കുന്നു. അതു് അടയ്ക്കേണ്ടതു് ഇവനാകുന്നു. ആ വാതിൽവഴിയിലായി ഞാൻ ഇവനിൽ പ്രവേശിച്ചു. അതു് അടയ്ക്കാതിരിപ്പാൻ ഞാൻ നോക്കും. (വീണ്ടും) നിങ്ങളുടെ പിതാവിനു് കൊട്ടും വാദ്യവും ഇല്ലല്ലൊ.

ഞാ–എൻെറ പിതാവിനു് ആത്മികശക്തിയുള്ളതു മതി.

സാ–എന്നെ എത്രയോ പേർ കൊട്ടും കുഴലുമായി ഘോഷിക്കുന്നുണ്ടു്.

കൊരട്ടിക്ഷേത്രം എൻെറ ഭവനമാകുന്നു. അവിടെ എൻെറ മക്കഠം ധാരാളം ഉണ്ടു്. (വീണ്ടും) ഞാൻ ഇവിടം പൊളിക്കും.

ഞാ–നീയും നിൻെറ അപ്പനുംകൂടെ വിചാരിച്ചാൽ ഇതു പൊളിക്കയില്ല.


സാ–ഊർശ്ലേം ദേവാലയം പൊളിച്ചതു ഞാനാകുന്നു.

ഞാ–ശപിക്കപ്പെട്ട ദുഷ്ടാ! അതു് എൻെറ കർത്താവിൻെറ ശാപംകൊണ്ടാകുന്നു പൊളിഞ്ഞതു്.

സാ... ഞാൻ അന്ധകാരത്തിനടുത്തവനാകുന്നു. വെളിച്ചത്തോടു് എനിക്കു് അത്ര സന്തോഷമില്ല. വിളക്കു് ഊതുക, ഇവനു പട്ടംകൊടുത്തപ്പോഠം പുതുപ്പള്ളിയിൽ താമസിച്ച തപസ്സി ചെറിയാനെ ഞാൻ അറിയും ഞാൻ അവൻെറ പിടലിക്കു് ഒന്നു പിടിക്കും. (വീണ്ടും) അയ്യോ നിങ്ങളുടെ പിതാവു് വരുന്നെ എന്നെ അന്ധകാരത്തിലേക്കു് അയപ്പാൻ വരുന്നു. അകമ്പടിക്കാരനെ നോക്കാൻ നിറുത്തിയിട്ടുണ്ടു്. വലിയ പ്രഭയോടെ എന്നെ ഇവിടെനിന്നും ആട്ടിക്കളയുവാൻ വരുന്നു. അയ്യോ ഞാൻ പോകുന്നു. നിങ്ങളുടെ പിതാവിൻെറ കയ്യിൽ ഇരുമുനയുള്ള ഒരു വാഠം ഉണ്ടു്. അതെടുപ്പാൻ എൻെറ ദൂതന്മാരെ ഞാൻ അയച്ചിട്ടുണ്ടു്. പക്ഷെ അതു കിട്ടുകയില്ല. അടുക്കുന്തോറും ചൂടു സഹിപ്പാൻ പാടില്ല. നിങ്ങളുടെ പിതാവും നിങ്ങളുടെ പിതാവിൻെറ കർത്താവുംകൂടെ എനിക്കു ഇരു മുനവാഠം അയയ്ക്കുന്നു. അയ്യോ ഞാൻ മഞ്ഞുകട്ടപോലെയും നെയ്പോലെയും മെഴുകുപോലെയും ഉരുകിപ്പോകുന്നു. (സാത്താൻ വീണ്ടും) നിങ്ങളുടെ പിതാവു തല തിരിക്കുന്നു. എന്നോടുള്ള ഭയംകൊണ്ടായിരിക്കുമോ? (അപ്പോഴേക്കു) അയ്യോ ഇല്ലാ. സമനെപ്പോലെയോ അധികാരിയെപ്പോലെയോ ഞാൻ സംസാരിച്ചില്ല എന്നു് താഴ്മയോടെ പറഞ്ഞുകൊണ്ടു് നിലത്തുരുണ്ടുവീണു കൈകൊണ്ടു തുടയിൽ കഠിനമായി അടിച്ചു. അതിൻെറ ശേഷം (ആരോ കഠിനമായി ശാസിച്ചു ചോദിക്കുന്നതിനു് ഉത്തരം പറയുന്നതുപോലെ ഇപ്രകാരം പറഞ്ഞു)അയ്യോ ഇന്നു മൂന്നേ ആയൊള്ളു, അയ്യോ . അല്ലെ.., ക്രിസ്ത്യാനികളുടെ പിതാവെ, അതു പറകയില്ല.. കഷ്ടപ്പെടുത്തുന്നു എങ്കിൽ കഷ്ടപ്പെടാം. കബറിൻെറ മുമ്പിലാണു് ഇരിക്കുന്നതു്..... എന്നു പറഞ്ഞുകൊണ്ടു് അല്പം തെക്കോട്ടു മാറി ഇരുന്നു. ആരോ നീക്കിയിരുന്നതുപോലെ. പെട്ടെന്നു വടക്കോട്ടുതന്നെ മാറിയിരുന്നു. മുന്നിലിരുത്തിക്കൊണ്ടു എന്നെ ഉപദ്രവിക്കുന്നുവൊ എന്നു പറഞ്ഞു നിലത്തു. വീണു വീണ്ടും എഴുന്നേററാറെ (കഠിനമായ ഉപദ്രവം നേരിട്ടിരിക്കുന്ന എന്നു കാഴ്ചക്കാർക്കു തോന്നത്തക്കവണ്ണം) അയ്യോ. ഞാൻ പൊയ്ക്കൊള്ളാമേ. നിൻെറ പിതാവു എൻെറ പിതാവിനെ കാലത്തിനു മുമ്പേ നശിപ്പിച്ചതുപോലെ നീ എന്നെ നശിപ്പിക്കുന്നുവോ? ഞാൻ ആരിലും പ്രവേശിക്കയില്ല. നിൻെറ ദാസന്മാരെ ഞാൻ ഉപദ്രവിക്കയില്ല. എനിക്കിവിടെ ഒരു കാര്യവുമില്ല. ഞാൻ തീ നരകത്തിലേക്കു പോകുന്നേ....അവിടുത്തെ ഇഷ്ടമുള്ള തോമസ് ശെമ്മാശ്ശൻ, ഇവിടെയുള്ള എല്ലാവരും അവിടുത്തേക്കു ഇഷ്ടമുള്ളവരാകുന്നു. ഞാൻ പൊയ്ക്കൊള്ളാമെ എന്നട്ടഹസിച്ചു് വടക്കു പടിഞ്ഞാററായി മറിഞ്ഞുവീണു. സാത്താൻ പുറപ്പെട്ടുപോകയും ചെയ്തു.

(തുടരും)

# അമൃതബിന്ദുക്കൾ



**അൻപത്തി ഒന്നു്**

കൈകഠം നന്നായിരുന്നാൽ സൽ–
ഫലം കൈവന്നു ചേർന്നിടും

**അൻപത്തി രണ്ടു്**

ദുഷ്ടന്മാർ വഴിതെററിപ്പോർ;
ശിഷ്ടരോ–വഴികാട്ടികഠം

ശ്രീപാദം ഈശ്വരൻ നമ്പൂതിരി

# തന്ത്രപ്രയോഗ പ്രവീണനായ....

(2–ാം പേജിൽനിന്നും തുടർച്ച)


കാർ 1100–മാണ്ട് ഇടവം 26–ാം തീയതിയോടു കൂടി പെൻഷനു് പ്രാരംഭമായി അവധിയിൽ പ്രവേശിച്ചു. അതു് കഴിഞ്ഞു് 26 മാസക്കാലം അപ്രത്യക്ഷമായിക്കിടന്ന ഹർജ്ജി ഒരു സുപ്രഭാതത്തിൽ അഞ്ചലിൽ (തിരുവിതാംകൂറിൽ നടപ്പുണ്ടായിരുന്ന പോസ്റ്റ് അഥവാ തപാൽ) റജിസ്റ്റർചെയ്തു് ഹൈക്കോടതി റജിസ്ട്രാർക്കു് ലഭിച്ചു. ഇതാണു് ഇന്ദ്രജാലം; മഹേന്ദ്രജാലം; എന്നു് പറയുന്നതു്. ഇതു് ആരു് മുഖാന്തിരം സാധിച്ചു. ''ഞാനൊന്നും അറിഞ്ഞില്ലെ രാമനാരായണ ആമയെ മലത്തി ചുടെന്നു്'' ഒരു സന്യാസി വര്യൻ ഓതിക്കൊടുക്കുന്ന വാക്യങ്ങൾ ഓർത്തു് പോകുന്നു. അതൊ ''കൊല്ലനും അറിഞ്ഞില്ല കൊല്ലത്തിയും അറിഞ്ഞില്ല, തത്തിതൈ എന്നൊരു കൊച്ചരുവാളു്''. ഈ പുനർ ഹർജ്ജി പറവൂർ ജില്ലാ കോടതിയിൽനിന്നും തിരുവനന്തപുരത്തു് ഹൈക്കോടതിയിൽ അഞ്ചൽമാർഗ്ഗം വന്നെത്തിയതിനെപ്പററിയും ഈ പഴഞ്ചൊല്ലു് ശരിയാണെന്നു് സ്പഷ്ടം.

ഇനി ഉതുപ്പച്ചനെപ്പററി വട്ടശ്ശേരിൽ തിരുമേനിയുടെ അഭിപ്രായംകൂടി ഇവിടെ വെളിപ്പെടുത്തിക്കൊണ്ടു് ഈ ലേഖനം ഉപസംഹരിച്ചുകൊള്ളട്ടെ.

തൃശ്ശൂർ ഡിസ്ട്രിക്ട് കോടതിയിൽ 1088-ൽ ആദ്യ നമ്പർ 66–ൽ പ്രതിഭാഗം 9–ാം സാക്ഷി വട്ടശ്ശേരിൽ മെത്രാപ്പോലീത്തായുടെ കൈപ്പീത്തു് മൊഴിയിൽ ഇപ്രകാരം കാണുന്നു. ''ഉതുപ്പിനു് വട്ടിപ്പണക്കേസിൽ കാര്യസ്ഥനായി രേഖാമൂലം പ്രതിഫലമൊന്നും കൊടുക്കാമെന്നു് കരാറില്ല. ചോദ്യം: അപ്പോൾ ഉതുപ്പു് അവിടത്തേക്കു് സൗജന്യമായ വ്യവഹാര കാര്യസ്ഥനായി ഇരിക്കുന്നു എന്നാണൊ പറയുന്നതു്? ഉത്തരം ഞാൻ മുൻകൂട്ടി ഉടമ്പടി ചെയ്തിട്ടെ വ്യവഹാരം നടത്തുകയുള്ളുവെന്നു് പറയുന്ന ഒരാളല്ല മല്പടി ഉതുപ്പു്. അതിനാൽ ഉടമ്പടി ഒന്നും ചെയ്തിട്ടില്ല. പിന്നാലെ വല്ലതും കൊടുക്കണമെന്നു് എന്റെ മനസ്സിലുണ്ടു്. കൊടുത്താൽ വാങ്ങിക്കുമോ എന്നു് എനിക്കറിഞ്ഞുകൂടാ. ഉതുപ്പു് എന്ന ആൾ അവിടത്തേക്കു് ഇങ്ങിനെ ചെയ്യുന്നതിനു് വിശേഷാൽ വല്ല കാരണവും ഉണ്ടോ? ഉത്തരം. സമുദായ സംബന്ധമായ കാര്യങ്ങളിൽ പ്രവർത്തിക്കുന്ന ഒരു മാന്യ കുടുംബക്കാരനാണെന്നല്ലാതെ വേറെ കാരണമുണ്ടായിട്ടില്ല. സമുദായ സംഗതി എന്നു് പറയുന്നതു് എന്താണു്? ഏതു് സമുദായമാണു്? ഉത്തരം. സമുദായ സംബന്ധമായ ഏതു് സംഗതികളിലും പ്രവേശിച്ചു് പ്രവർത്തിക്കുന്ന ഒരു കുടുംബമാണു് സമുദായം എന്നു് പറഞ്ഞതു്. സുറിയാനി സമുദായമാണു്. സുറിയാനി സമുദായത്തിനു് ഹേതുവായ സംഗതികൾ സംബന്ധിച്ചു് രണ്ടു് കക്ഷികളുണ്ടു്. ആ കക്ഷികളിൽ ഒരു കക്ഷിയുടെ മെത്രാപ്പോലീത്താ മാർ ക്ലീമിസും, മററെ കക്ഷിയുടെ മെത്രാപ്പോലീത്താ അവിടുന്നും അല്ലേ? ഉത്തരം. ഇപ്പോൾ മെത്രാന്മാർ ഞങ്ങൾ ഇരുവരും തന്നെയല്ല വേറെയും മെത്രാന്മാർ ഉണ്ടു്.

ചുരുക്കത്തിൽ ഉതുപ്പച്ചൻ ഇല്ലായിരുന്നു എങ്കിൽ വീരരാഘവയ്യങ്കാരുടെ കാകാക്ഷി വിധി വട്ടശ്ശേരിൽ മെത്രാന്റെ കക്ഷികളുടെ കണ്ഠകോടാലിയായി ഇരുന്നുകൊണ്ടു് അവരുടെ കുഞ്ഞുങ്ങൾ ഞെരിച്ചു് ശ്വാസം മുട്ടിച്ചു് കളയുമായിരുന്നു. പ്രസ്തുതമായ വിധി തകർത്തു് കളഞ്ഞതു് പുനർ സ്വീകരിച്ച ജസ്റ്റീസ് ചാററുഫീൽഡും, കൂട്ടു ന്യായാധിപന്മാരായ ജസ്റ്റീസ് ജോസഫ് തളിയത്തും, ജസ്റ്റീസ് ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ളയും കൂടി എഴുതിയ വിധിയാണു് ഈ വിധി ഉണ്ടാകുവാൻ കാരണക്കാരൻ ഇലഞ്ഞിക്കൽ ഉതുപ്പച്ചനായിരുന്നു. അദ്ദേഹത്തിന്റെ നാമം സഭാഭാസുരനായ വട്ടശ്ശേരിൽ തിരുമേനിയുടെ പിൻ തലമുറക്കാരായ ഓർത്തഡോക്സ് സമുദായക്കാർ എല്ലാ കാലവും സ്മരിക്കുന്നതാണു്.

# ഫാ. ഏബ്രഹാം ഒരുവട്ടിത്തറയ്ക്കു് കോർ എപ്പിസ്ക്കോപ്പാ സ്ഥാനം നല്കുന്നു



കുമരകം: ഫാ. ഏബ്രഹാം ഒരുവട്ടിത്തറയ്ക്കു് പരിശുദ്ധ ബസേലിയോസ് മർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ടു് ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ സഹകരണത്തിൽ ജനുവരി 30–നു് കുമരകം സെൻറ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ വച്ചു് കോർ എപ്പിസ്ക്കോപ്പാസ്ഥാനം നൽകുന്നതാണു്.

ഇല്ലിക്കൽ, കാരാപ്പുഴ, തോട്ടയ്ക്കാടു്, പാക്കിൽ, പങ്ങട, പാത്താമുട്ടം എന്നിവിടങ്ങളിൽ വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുള്ള ഫാ. ഏബ്രഹാം ഒരുവട്ടിത്ര ഇപ്പോൾ പരിയാരം സെൻറ് തോമസ് ഓർത്തഡോക്സ് പള്ളിവികാരിയായും അമയന്നൂർ കഴന്നുവലംപള്ളി സഹവികാരിയായും സേവനം അനുഷ്ഠിച്ചു വരുന്നു.

1935 ഏപ്രിൽ 15–നു് ഒരുവട്ടിത്ര ചാണ്ടിയുടെയും ആച്ചിയമ്മയുടെയും പുത്രനായി ജനിച്ച ഇദ്ദേഹം 1956 മെയ് 25 നു് പ. ഗീവർഗീസ് ദ്വിതീയൻ ബാവായിൽനിന്നു് ശെമ്മാശ്ശുപട്ടവും തുടർന്നു് കോട്ടയം പഴയ സെമിനാരിയിൽ വൈദികവിദ്യാഭ്യാസം പൂർത്തിയാക്കി. 1965 മാർച്ചു് 25–നു് പ. ഔഗേൻ പ്രഥമൻ ബാവായിൽനിന്നു് കശ്ശീശാപട്ടവും സ്വീകരിച്ചു.

കോട്ടയം പുത്തനങ്ങാടി ചക്കാലപ്പറമ്പിൽ കുടുംബാംഗമായ കൊച്ചുമറിയാമ്മയാണു് സഹധർമ്മിണി. ഏകപുത്രൻ ബസേലിയോസ് കോളേജ് വിദ്യാർത്ഥിയാണു്.

—

# ആശാദീപം കാസററു് പ. ബാവാ പ്രകാശനം ചെയ്തു



കോട്ടയം: ഡീക്കൻ കെ. ജി. അലക്സാണ്ടർ തഴവ രചിച്ച ഭക്തിഗാനങ്ങളുടെ കാസററ്–ആശാദീപം–പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ടു് നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായ്ക്കു നൽകിക്കൊണ്ടു് പ്രകാശനം ചെയ്തു.

1987 ഡിസംബർ 29–നു് എം. സി. യിൽ ചേർന്ന അസോസ്യേഷൻ സമ്മേളനത്തിൽവച്ചാണു് പ്രകാശനം നടന്നതു്.

—

## പരസ്പര സ്നേഹ..

(1–ാം പേജിൽനിന്നും തുടർച്ച)

ഖിലാണ്ഡവും മനുഷ്യാധിപത്യത്തിന കീഴിൽദൈവത്തിനു മഹത്വം വരുത്തുന്ന ഒരു സംഗീത സദസായിത്തീരണമെന്നു് അഭിവന്ദ്യ തിരുമേനി ആശംസിച്ചു. 30–ാം തീയതി ഉച്ചയ്ക്കുശേഷം മദ്യത്തോടും മയക്കുമരുന്നുകളോടുമുള്ള ക്രിസ്തീയ പ്രതികരണത്തെക്കുറിച്ചു് നടന്ന ചർച്ചയിൽ കുറിയാക്കോസ് പാറയ്ക്കൽ കോർ എപ്പിസ്ക്കോപ്പാ, സിസ്റ്റർ ഡൊളോറസ്, പ്രൊഫ. വറുഗീസ് പടിയറ, സത്യവാൻ കൊട്ടാരക്കര എന്നിവർ പങ്കെടുത്തു,

3–ാം ദിവസമായ 31–ാം തീയതി രാവിലെ റവ. ഡോ. വി. പി. വറുഗീസ്, ഡീ. ജോൺ മാത്യു എന്നിവർ വേദപഠന ക്ലാസ്സെടുത്തു. തുടന്നു് 'സാഹിത്യവും മൂല്യശോഷണവും എന്ന വിഷയത്തെപ്പററി വിദ്യാത്ഥി സെമിനാർ നടന്നു. ഉച്ചയ്ക്കുശേഷം നടന്ന ധ്യാനം നിയുക്ത കാതോലിക്ക അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് നയിച്ചു. വി. കുമ്പസാരത്തിലൂടെ ആത്മശുദ്ധീകരണം നേടിയ അഞ്ഞൂറിൽപരം വിദ്യാർത്ഥികൾ മാർ ഏലിയാ കത്തീഡ്രലിൽ ധ്യാനനിരതരായി രാത്രി 12 മണിക്കു് അർപ്പിക്കപ്പെട്ട വി. പുതുവത്സര കർബ്ബാന മുഴവൻ അംഗങ്ങളും അനുഭവിച്ചു് പുതുക്കം പ്രാപിച്ചു. വി. കുർബ്ബാനയ്ക്കുശേഷം കോൺഫ്രൻസ് ഹാളിൽ നടന്ന പുതുവത്സരാഘോഷം പരിപാടികൾക്കു് മിഴിവു് വർദ്ധിപ്പിച്ചു.

സമാപന സമ്മേളനത്തിൽ പ്രൊഫ. പി. സി. ഏലിയാസ് സ്വാഗതവും പ്രസ്ഥാനം ജനറൽ സെക്രട്ടറി ഫാ. ജോൺ തോമസ് നന്ദിയും പറഞ്ഞു.

—






## തലയിണത്തടം....

(1–ാം പേജിൽനിന്നു തുടർച്ച)

തുടർന്നു് 3 മണിക്കു ചേരുന്ന മതസൗഹാർദ്ദ സമ്മേളനത്തിൽ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു.

പ. ബാവാ തിരുമനസുകൊണ്ടു് സമ്മേളനം ഉദ്ഘാടനം ചെയ്തു.

നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, ഫാ. മാത്യു വയലുങ്കൽ, റവ. കൊച്ചുമ്മൻ നൈനാൻ, ഫാ. ജോർജ് ആലുങ്കൽ, കെ. ആർ. തങ്കപ്പൻ, ഹക്കീം മൗലവി, ടി. ജി. ശങ്കരൻ നായർ, ഈപ്പൻ വർഗ്ഗീസ് എം. എൽ. എ, എം. എം. മത്തായി, റീമാ എലിസബേത്തു് ചാക്കോ, പ്രൊഫ. വർഗീസ് പടിയറ, ഫാ. മാത്യു കിഴക്കേക്കുററു് എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി.

25 മുതൽ 27 വരെ തീയതികളിൽ നടന്ന കൺവൻഷനിൽ ഫാ. ഫിലിപ്പ് സി. ഏബ്രഹാം, ഫാ. എം. സി. ജോർജ് എന്നിവർ പ്രസംഗിച്ചു.

29 വെള്ളിയാഴ്ച സന്ധ്യാനമസ്കാരത്തെ തുടർന്നു് ഇടകടത്തി കുരിശുങ്കൽനിന്നും പള്ളിയിലേക്കുള്ള റാസാ നടക്കുന്നതാണു്. 30 ശനിയാഴ്ച രാവിലെ പി. സി. യോഹന്നാൻ റമ്പാന്റെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാന ഉണ്ടായിരിക്കും. തുടന്നു് റാസ, നേർച്ച വിളമ്പു് എന്നിവ നടന്നു.

31 ഞായറാഴ്ച 10.30 നു് വി. കുർബ്ബാനയെ തുടർന്നു് ആദ്ധ്യാത്മിക സംഘടനകളുടെ സംയുക്ത വാർഷികം ആഘോഷിക്കുന്നതാണു്.

ഫാ. വർഗീസ് കൊച്ചേരി വികാരിയായുള്ള ഈ പള്ളിക്കു് 6 ലക്ഷം രൂപയാണു് നിർമ്മാണച്ചിലവു് വന്നിട്ടുള്ളതു്.

# വൈദിക ക്ഷേമ ബോർഡ് ബജററു് പാസാക്കി

കൊച്ചി: മലങ്കര ഓർത്തഡോക്സ് സഭാവൈദിക ക്ഷേമ ബോർഡിന്റെ യോഗം പ്രസിഡൻറ് ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടി ബജററും റിപ്പോർട്ടും പാസ്സാക്കി.

ട്രഷറർ ഫാ. ഏബ്രഹാം വാലയിൽ രണ്ടേമുക്കാൽ ലക്ഷം രൂപയുടെ വരവു ചെലവു കണക്കുകളും ജനറൽ സെക്രട്ടറി മണ്ണാറപ്രായിൽ പ്രവർത്തനറിപ്പോർട്ടും അവതരിപ്പിച്ചു. 88-89–ലേയ്ക്കു് ഒന്നര ലക്ഷം രൂപയുടെ ബജററും യോഗം അംഗീകരിച്ചു.

—

Edited & Published by Shabaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K.P. Jacob (Hon) Chief Editor Dr. Samuel Chandanappally, Associate Editor: Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam, Kottayam–686 038